## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4624 — 18.05.2017-ൽ മറുപടിയ്ക്ക്

## കേരള സഹകരണബാങ്കിന്റെ ഓഹരി ഘടന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. രാജൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ വരാൻ പോകുന്ന കേരള സഹകരണബാങ്കിന്റെ ഓഹരി ഘടന വിശദമാക്കുമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 5 അംഗ വിദഗ്ദ്ധസമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച ശേഷവും സർക്കാർ നയത്തിന്റെ ഭാഗമായും ആയിരിക്കും ഓഹരി ഘടന നിശ്ചയിക്കുക |
| (ബി) | കേരള സഹകരണ ബാങ്കിന് നിലവിലുള്ള സഹകരണ ബാങ്കുകളുടെ പരിധിക്കപ്പുറത്തേക്ക് വാണിജ്യബാങ്കുകളുടെ ഏതൊക്കെ തരത്തിലുള്ള ബിസിനസുകൾ കൈകാര്യം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യം കേരളാ സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ മാത്രമായിരിക്കും തീരുമാനിക്കുക. |
| (സി) | കേരള സഹകരണ ബാങ്ക് റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ള 'ഷെഡ്യൂൾഡ് ബാങ്ക്' എന്ന നാമപരിധിയിൽ ഉൾപ്പെടുന്നുണ്ടോ ; | (സി) | നിലവിൽ സംസ്ഥാന സഹകരണ ബാങ്കിന് ഷെഡ്യൂൾഡ് പദവി ഉണ്ട്. ഷെഡ്യൂൾഡ് ബാങ്ക് എന്ന നാമപദവി നൽകുന്നത് റിസർവ്വ് ബാങ്ക് ആയതിനാൽ ഇക്കാര്യം റിസർവ്വ് ബാങ്കിന്റെ അനുമതിയ്ക്ക് വിധേയമായിരിക്കും. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങൾക്കാണ് കേരളാ സഹകരണ ബാങ്ക് രൂപീകരണം വഴിതെളിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | കേരള സഹകരണ ബാങ്ക് രൂപീകരണം ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത് മുഖേന പലിശ നിരക്കിൽ ഗണ്യമായ കുറവ് വായ്പക്കാർക്ക് സാദ്ധ്യമാക്കും. പിലിശ നിരക്കിലെ കുറവ് ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിക്കുവാൻ ഇടയാക്കും. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പുത്തൻ ഉണർവ്വ് നൽകുവാൻ സാധിക്കും.<br><br>സംസ്ഥാനത്ത് ധനനിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടു വരുന്നതിന് പ്രസ്തുത ബാങ്കിന് ക്രിയാത്മക പങ്ക് വഹിക്കാനാകും. ബാങ്കുകളുടെ സംയോജനത്തിലൂടെ സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും മറികടക്കാനാവും. സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്താനും സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാനും കേരള സഹകരണ ബാങ്കിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ